ശ്രീ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ ഗവൺമെന്റ് പരിഗണിച്ച ആരെയും ഈ ഗവൺമെന്റ് ഒഴിവാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇടമലക്കുടിയിലോ മറ്റ് കോളനികളിലോ ഉള്ളവരെ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ അക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, ബി.പി.എൽ. കാർഡിൽ ഉൾപ്പെടുത്താൻ അർഹത നേടിയിട്ടും എ.പി.എൽ. ആയ ആളുകളെ ബി.പി.എൽ. ആക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ രൂപീകരിച്ച സമിതിയിൽ പരിശോധിക്കുന്നതിനുള്ള അപേക്ഷ കൊടുത്തിട്ടും മിക്ക പഞ്ചായത്തുകളും സമിതിയോഗങ്ങൾ കൂടുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർ ബി.പി.എൽ. ആയി മാറണമെങ്കിൽ നടപടിക്രമങ്ങളുണ്ടാകണം. ആ നടപടിക്രമങ്ങളില്ലാത്തതിന്റെ പേരിൽ എ.പി.എൽ. ആയിത്തന്നെ ബി.പി.എൽ. കുടുംബം പെട്ടുപോകുന്നതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നിശ്ചിത തീയതിക്കകം ഈ സമിതി യോഗംകൂടി നടപടി സ്വീകരിക്കാൻ നിർദ്ദേശം നല്കുമോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഇപ്പോഴത്തെ മാനദണ്ഡങ്ങളനുസരിച്ച് സമയബന്ധിതമായി ബി.പി.എൽ. ലിസ്റ്റ് ഫൈനലൈസ് ചെയ്യാൻ നിർദ്ദേശം കൊടുക്കുന്നതാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള നടപടികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാര കൈമാറ്റം

3 (*573) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഘടനാ ഭേദഗതിയനുസരിച്ചുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരകൈമാറ്റം സംസ്ഥാനത്ത് പൂർണ്ണമായിട്ടുണ്ടോ ; ഇല്ലെങ്കിൽ അവശേഷിക്കുന്നവ ഏതെല്ലാം ;

(ബി) നിയമവ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കർത്തവ്യങ്ങൾ, അവ നിർവ്വഹിക്കേണ്ടുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ; വെളിപ്പെടുത്താമോ ;

(സി) ഉദ്യോഗസ്ഥൻമാരെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്ന പ്രക്രിയ പൂർത്തിയാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

സർ,

(എ) 73-ാം ഭരണഘടനാഭേദഗതിയനുസരിച്ച് ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 29 വിഷയങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുള്ളത്. അവയിൽ താഴെപ്പറയുന്നവ ഒഴിച്ചുള്ള എല്ലാ വിഷയങ്ങളും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

1. ചെറുകിട വനവിഭവ ഉൽപ്പന്നങ്ങൾ (Minor forest produce)

2. വൈദ്യുതവിതരണം (Distribution of electricity)

3. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കൽ (Implementation of land reforms)

4. പൊതുവിതരണ സമ്പ്രദായം (Public distribution system)

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അധികാരങ്ങളും ചുമതലകളും കൈമാറിയതിന് സമാനമായ രീതിയിൽത്തന്നെ ടി സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ ഉതകുന്നവിധത്തിൽ അവയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥൻമാരെയും സ്ഥാപനങ്ങളേയും അടിസ്ഥാന സൗകര്യങ്ങളും ആസ്തി ബാദ്ധ്യതകളും ഉൾപ്പെടെ കൈമാറുകയുണ്ടായി. 4-7-2000-ലെ G.O.(P) 188/2000/തഭവ. നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥൻമാരെയും അനുബന്ധ സ്ഥാപനങ്ങളേയും കൈമാറിയിട്ടുള്ളത്. എന്നാൽ ഈ ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ്. 4-7-2000-ലെ G.O.(P) 187/2000/തഭവ നമ്പർ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിൽനിന്നും 1302 ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം ചെയ്തിരുന്നു. പ്രസ്തുത ജീവനക്കാർ മുഴുവൻപേരും യഥാക്രമം ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഇതുമൂലം കാലാകാലങ്ങളിൽ ജോലിഭാരം വർദ്ധിക്കുന്ന പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പഞ്ചായത്തുകളിൽ 990 ക്ലാർക്കുമാരുടെ അധിക തസ്തികകൾകൂടി സൃഷ്ടിക്കുകയുണ്ടായി. സ.ഉ.(എം എസ്.)51/13/തസ്വഭവ. തീയതി 7-2-2013. ഇതുകൂടാതെ പഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 864 അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനായി 152 എഞ്ചിനീയർമാരുടെ തസ്തിക ബ്ലോക്കുതലത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്മാരെ താൽക്കാലികമായി നിയമിക്കുവാൻ അതത് പഞ്ചായത്തുകൾക്കുതന്നെ അധികാരം നൽകുകയുണ്ടായി.

ഇപ്രകാരം നിലവിലെ ഉദ്യോഗസ്ഥകൈമാറ്റവും പുനർവിന്യാസവും അധിക തസ്തികകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ത്രിതല പഞ്ചായത്തുകളിലെ സംവിധാനം ശക്തിപ്പെടുത്താത്തതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ വർഷങ്ങളിൽ 1,911 കോടി രൂപ ചെലവഴിക്കാൻ കഴിയാതെപോയതെന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ, 12-3-2013 വരെ എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം 26 ശതമാനവും ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം 31 ശതമാനവുമാണ്. മൊത്തം ഏകദേശം 36 ശതമാനമാണ് എസ്.സി.പി./ടി.എസ്.പി. ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കാത്തതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. എല്ലാ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട ആളുകൾക്കടക്കമുള്ള ക്ഷേമപദ്ധതികളും വികസന പദ്ധതികളും നടപ്പിലാക്കാതെ പോകുന്ന സ്ഥിതി ഇപ്പോൾ നിലനിൽക്കുകയാണ്. അതിന് പരിഹാരം കാണുന്നതിനുവേണ്ടി ക്രിയാത്മകമായ എന്തെങ്കിലും നിലപാടുകൾ സ്വീകരിക്കാൻ തയ്യാറായിട്ടുണ്ടോ ? പഞ്ചായത്തുകളിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എക്സ്പെർട്ട് കമ്മിറ്റികൾ നിലവിലുണ്ടായിരുന്നു. ആ എക്സ്പെർട്ട് കമ്മിറ്റികളെല്ലാം പിരിച്ചുവിടുകയും ചെയ്തു. അതിന്റെയെല്ലാം ഫലമായിട്ടാണ് ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെപോകുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പാവപ്പെട്ട ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ഡോ. എം. കെ. മുനീർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് കാലാകാലങ്ങളിൽ ഇവിടെ നിലനിന്നിരുന്ന കാര്യമാണ്. അധികാര വികേന്ദ്രീകരണം വന്നതിനുശേഷം 2000-ത്തിലാണ് മുഴുവൻ ഉദ്യോഗസ്ഥരെയും കൊടുക്കാൻ തീരുമാനിച്ചത്. അങ്ങനെയാണ് 1302 പേരെ പുനർവിന്യസിച്ചുകൊടുക്കാൻ തീരുമാനിച്ചത്, പക്ഷെ ആരും പോയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥ വന്നപ്പോൾ, ചരിത്രത്തിലാദ്യമായി 990 പുതിയ ക്ലർക്ക് പോസ്റ്റുകളുണ്ടാക്കുകയും 864 അസിസ്റ്റന്റ് സെക്രട്ടറിമാരുടെ പോസ്റ്റുകളുണ്ടാക്കുകയും അഞ്ചും ആറും പഞ്ചായത്തിന് ഒരു എ.ഇ. ആയിരുന്നത് രണ്ടു പഞ്ചായത്തുകൾക്ക് ഒരു എ.ഇ.-യും നാനൂറ് പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിന് ഒരു എ.ഇ.-യുമാക്കിക്കൊണ്ട് 200 എ.ഇ.-മാരുടെ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. താല്ക്കാലികമായിട്ടെങ്കിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെ എല്ലാ പഞ്ചായത്തുകളിലും നിയോഗിക്കാനുള്ള തീരുമാനമെടുക്കുകയുണ്ടായി. യു.ഡി.ക്ലർക്കിനും മറ്റുമൊക്കെയുള്ള പ്രൊമോഷൻ എത്രയോ കാലത്തിനുശേഷം ലഭിച്ചത് അപ്പോഴാണ്. ഇതുവഴി 2000-ത്തോളം ഒഴിവുകളിൽ പുറത്തുനിൽക്കുന്ന പുതിയ ചെറുപ്പക്കാർക്ക് പഞ്ചായത്തിലേക്ക് നിയമനം കിട്ടാനുള്ള സാഹചര്യമുണ്ടായി. കുറച്ച് ഉദ്യോഗസ്ഥരെയെങ്കിലും കിട്ടിയത് ഇപ്പോഴല്ലേ എന്ന് നിങ്ങൾതന്നെ ഈ പഞ്ചായത്തുകളോട് ചോദിച്ചാൽ മനസ്സിലാകും. അങ്ങയുടേതടക്കം പഞ്ചായത്തുകളിൽ അന്വേഷിക്കണം. പുനർവിന്യസിച്ച ആളുകൾ അങ്ങോട്ട് പോകാത്തതിന്റെ പേരിലുള്ള പ്രശ്നമായിരുന്നു ഇതുവരെയുണ്ടായിരുന്ന അവസ്ഥ. അങ്ങ് പറഞ്ഞ ടി.എസ്.പി./എസ്.സി.പി. ഫണ്ടിന്റെ

Page 4 of 7

വിനിയോഗം സംബന്ധിച്ച കാര്യങ്ങളൊക്കെ കാലാകാലങ്ങളിലുള്ള പ്രശ്നമാണ്. ഇപ്പോൾ ജൂൺ മാസമായിട്ടേയുള്ളൂ, എല്ലാ പഞ്ചായത്തുകളും അവരുടെ പ്രോജക്ടുകൾ വെറ്റ് ചെയ്തുകഴിഞ്ഞു, ഡി.പി.സി. കൂടിക്കഴിഞ്ഞു. ഒൻപത് മാസമാണ് ഈ വർഷം പ്രോജക്ട് ഇംപ്ലിമെന്റേഷനുവേണ്ടി കിട്ടുന്നത്. ഈ ഒൻപത് മാസത്തിനുള്ളിൽ പഞ്ചായത്തുകൾ പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യുന്നില്ലെങ്കിൽ അതിന്റെ കുറ്റം എന്റേതല്ല, ഇംപ്ലിമെന്റുചെയ്യാത്ത പഞ്ചായത്തുകളുടേതാണെന്ന് മാത്രം പറയുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഈ സംവിധാനങ്ങളൊക്കെയുണ്ടായിട്ടും പാവപ്പെട്ടവരുടെ പദ്ധതികൾ നടപ്പിലാകുന്നില്ല എന്ന് സൂചിപ്പിക്കാനാണ് ഞാൻ പറഞ്ഞത്. 29 വിഷയങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുന്ന സന്ദർഭത്തിൽ പറഞ്ഞു. ചെറുകിട വനവിഭവങ്ങൾ, വൈദ്യുത വിതരണം, ഭൂപരിഷ്ക്കരണ നിയമം, പൊതുവിതരണ സമ്പ്രദായം എന്നിവ കൈമാറിയിട്ടില്ല. എനിക്ക് ചോദിക്കാനുള്ളത്, നേരത്തെ ചില ജില്ലാ പഞ്ചായത്തുകൾക്ക് വൈദ്യുതി ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള അനുമതി നൽകിയിരുന്നു. ഇപ്പോൾ വലിയ വിവാദമായിരിക്കുന്ന സോളാർ ഉൾപ്പെടെ പാരമ്പര്യേതര ഊർജ്ജം ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനങ്ങൾ ത്രിതലപഞ്ചായത്തുകളിലൂടെ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എം. കെ. മുനീർ : സർ, ഏതൊക്കെ വകുപ്പുകൾ താഴെത്തട്ടിലേക്ക് കൊടുക്കണമെന്നുള്ള ജി.ഒ. ഇറങ്ങിയത് 2000-ത്തിലാണ്. 29-ൽ ഈ നാലെണ്ണം മാറ്റിവച്ചുകൊണ്ടാണ് ബാക്കിയുള്ളതുമുഴുവൻ താഴെത്തട്ടിലേക്ക് കൊടുത്തത്. ഘട്ടംഘട്ടമായി മുഴുവൻ അധികാരവികേന്ദ്രീകരണവും താഴെത്തട്ടിലെത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇതിൽ ചില സ്ഥലങ്ങളിൽ ചില പ്രതിസന്ധികൾ നിങ്ങളുടെ കാലഘട്ടത്തിൽ അനുഭവിച്ചതുപോലെ ഓരോ കാലഘട്ടത്തിലും അനുഭവിക്കുന്നുണ്ട്. അതിനെ അതിജീവിച്ചുകൊണ്ട് പൂർണ്ണമായും അധികാര വികേന്ദ്രീകരണം താഴെത്തട്ടിലെത്തിക്കുന്നതിനും ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള 29 വകുപ്പുകളും താഴെത്തട്ടിൽ എത്തിക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. എസ്. ശർമ്മ : സർ, അധികാരവികേന്ദ്രീകരണമെന്നുള്ള ആശയത്തിന്റെ അടിസ്ഥാനത്തിൽ നടന്ന നിയമനിർമ്മാണവും ഭരണപരമായ നടപടിയും കുറെയൊക്കെ മുമ്പോട്ടുപോയിട്ടുള്ളത് ശരിയാണെങ്കിലും ഓരോ വർഷവും സംഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുതകൾ വച്ചുനോക്കുമ്പോൾ ഇനിയും വളരെ മുമ്പോട്ടുപോകേണ്ടതായിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്. നേരത്തെ ഇവിടെ പരാമർശിച്ചതുപോലെ കുടുംബശ്രീ, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ, സുസ്ഥിര വികസന സംവിധാനങ്ങൾ എന്നിവയ്ക്കുവേണ്ടി അനുവദിച്ചിരുന്ന തുകയിൽ 2011-12-ൽ 1911.38 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കുടുംബശ്രീയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സുസ്ഥിര വികസനവും ഗ്രാമീണ ജനതയുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കുന്നതാണ്. 2011-12-ൽ അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള തുകപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

സി.&എ.ജി.-യുടെ റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ കുറെ കാര്യങ്ങൾ മുമ്പോട്ടുപോയിട്ടുണ്ട്. പക്ഷേ ഉദ്ദേശിച്ച രൂപത്തിൽ എത്തിയിട്ടില്ല. അതിന്റെ തടസ്സങ്ങൾ എന്തെന്നുള്ളത് റിവ്യൂ ചെയ്തുകൊണ്ട് ലക്ഷ്യത്തിലെത്താൻ കഴിയുന്ന വിധത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഡോ. എം. കെ. മുനീർ</u> : സർ, ഗവൺമെന്റിന്റെ മുൻകാല കണക്കുകൾകൂടി വച്ചുകൊണ്ടാണ് സി & എ.ജി. റിപ്പോർട്ടുകൾ വരുന്നത്. എല്ലാ സി & എ.ജി. റിപ്പോർട്ടുകളുമെടുത്തു പരിശോധിച്ചാൽ ഈ ലാപ്സസ് കാണും. ആ ലാപ്സസ് ഇല്ലാതാക്കണമെന്ന ഉദ്ദേശ്യത്തിൽ കഴിഞ്ഞ രണ്ടു വർഷമായി കുടുംബശ്രീയുടെ കാര്യത്തിൽ വളരെ ശക്തമായ മോണിട്ടറിംഗും തുക ചെലവഴിക്കുന്നതിനുള്ള നടപടികളുമെടുത്തിട്ടുണ്ട്. കാലാകാലങ്ങളിലെ പ്രവർത്തനമെടുത്തു പരിശോധിച്ചാൽ കുടുംബശ്രീക്ക് കൂടുതൽ പണം ലഭിച്ചതും കൂടുതൽ തുക ചെലവഴിച്ചതും ഈ കാലഘട്ടത്തിലാണെന്ന് കാണാവുന്നതാണ്. നേരത്തെയുള്ള ഗവൺമെന്റിന്റെ പോരായ്മ പറയുകയല്ല. ഓരോ കാലഘട്ടത്തിനുമനുസരിച്ചാണ് അത് വർദ്ധിപ്പിക്കേണ്ടതും ചെലവഴിക്കേണ്ടതും, പുതിയൊരു ഗവൺമെന്റ് വന്നാൽ ഇതിൽ കൂടുതൽ അത് വർദ്ധിപ്പിക്കേണ്ടിവരും, ചെലവഴിക്കേണ്ടിവരും. ആ രീതിയിൽ ഇതിലൊന്നും വീഴ്ച വന്നിട്ടില്ല. പക്ഷേ, കൂടുതൽ കാര്യക്ഷമമാക്കി കൊണ്ടുപോകണമെന്നുപറയുന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് യോജിക്കുകയും അതിനാവശ്യമായ എല്ലാ നടപടികളും നടത്തിവരുന്നുണ്ടെന്ന് അറിയിക്കുകയും ചെയ്യുന്നു.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ചും ഡിപ്പാർട്ട്മെന്റുകളെക്കുറിച്ചും അങ്ങ് ഇവിടെ പറഞ്ഞു. പക്ഷേ ആ നാല് കാറ്റഗറിയിൽ ഉൾപ്പെടാത്ത പല സ്ഥാപനങ്ങളും മേൽനോട്ടത്തിനായിപ്പോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടാത്ത സാഹചര്യം ഇന്നും നിലവിലുണ്ട്. ഉദാഹരണത്തിന് ഗവൺമെന്റ് ടെക്നിക്കൽ സ്കൂളുകൾ, ഗവൺമെന്റ് ഐ.ടി.ഐ.-കൾ, ഗവൺമെന്റ് പോളിടെക്നിക്കുകൾ, ഗവൺമെന്റ് കോളേജുകൾ, റെസ്ക്യൂ ഹോമുകൾ ഇവയൊക്കെ ഇന്നും കേന്ദ്രീകൃത സംവിധാനത്തിലാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഇവയ്ക്കായി പ്രയോജനപ്പെടുത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇത്തരം സ്ഥാപനങ്ങളെ തദ്ദേശ ഭരണകൂടങ്ങൾക്ക് കൈമാറ്റം ചെയ്തുകിട്ടുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ ?

<u>ഡോ. എം. കെ. മുനീർ</u> : സർ, ഞാൻ സൂചിപ്പിച്ചതുപോലെ ഓരോ വകുപ്പുകളെയും കൈമാറ്റം ചെയ്തുകിട്ടുന്നതിനുവേണ്ട നടപടികളെടുക്കുന്നുണ്ട്. ഐ.ടി.ഐ.-കൾ അടക്കം ടെക്നിക്കൽ ട്രെയിനിംഗ് ആന്റ് വൊക്കേഷണൽ എഡ്യൂക്കേഷൻ പൂർണ്ണമായും കൈമാറി കൊടുത്തിട്ടില്ല. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. കമ്മീഷൻ കൂടി കാര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് തന്നുകഴിഞ്ഞാൽ അതിനനുസരിച്ച് ഗവൺമെന്റ് നടപടികളുമായി മുന്നോട്ടുനീങ്ങും.

LIBRARY ARCHIVES Kerala Legislative Assembly

Page 6 of 7

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. എ. എം. ആരിഫ് :** സർ, ചോദ്യത്തിലേക്ക് കടക്കുന്നതിന് മുമ്പായി ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. പഞ്ചായത്തും സാമൂഹ്യക്ഷേമ വകുപ്പും എന്നാണ് ചോദ്യോത്തരത്തിന്റെ മുകളിൽ അങ്ങയുടെ വകുപ്പിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നത്. അങ്ങയുടെ വകുപ്പിന്റെ പേര് സാമൂഹ്യനീതി വകുപ്പ് എന്നാക്കിയത് ലെജിസ്ലേച്ചർ അറിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. ഇപ്പോഴും സാമൂഹ്യക്ഷേമ വകുപ്പ് എന്ന നിലയിലാണ് അച്ചടിച്ചുവരുന്നത്. അത് രണ്ടുമുണ്ടോ, ഏതാണ് നിലനിൽക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തമാക്കുകയും അത് ലെജിസ്ലേച്ചറിനെ അറിയിക്കുകയും ചെയ്തുകൊണ്ട് ആവശ്യമായ ഭേദഗതി അക്കാര്യത്തിൽ വരുത്തണമെന്ന് അങ്ങയെ ഓർമ്മിപ്പിക്കുന്നു. കൈമാറ്റം ചെയ്യപ്പെട്ട പല വകുപ്പുകളിലും ദ്വിമുഖ നിയന്ത്രണം നിലനിൽക്കുകയാണ്. അങ്ങനെ നിൽക്കുന്നതുകൊണ്ടുതന്നെ പലപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനുവിധേയമായിട്ടല്ലാതെയാണ് പല ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നത്. അവരുടെ ഡിപ്പാർട്ട്മെന്റ് തലങ്ങളിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾക്കാണ് അവർ പ്രാമുഖ്യം നൽകാൻ നിർബന്ധിതരാകുന്നത്. അച്ചടക്ക നടപടികളും മറ്റു കാര്യങ്ങളുമെല്ലാം ഭയന്ന് അവർക്ക് അത് ചെയ്തേപറ്റൂ. ദ്വിമുഖ നിയന്ത്രണം നിൽക്കുന്നതുകൊണ്ട് അധികാരകൈമാറ്റം ഫലത്തിൽ അമ്പത് ശതമാനംപോലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. ഇതുപോലെ കൈമാറ്റം ചെയ്യപ്പെടാത്തതോ........ കേരളം മുഴുവൻ വെള്ളക്കെട്ടുകളാണ്, ഈ വെള്ളക്കെട്ടുകൾ പരിഹരിക്കുന്നതിന് പ്രധാനമായും ചുമതലപ്പെടുത്തേണ്ടത് .മൈനർ ഇറിഗേഷൻ വകുപ്പിനെയാണ്. ആ വകുപ്പിന് സംസ്ഥാനതലത്തിൽ ആകെ പത്തോ പതിനഞ്ചോ കോടി രൂപയാണ് അതിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നത്. അതുകൊണ്ട് സംസ്ഥാന മൊട്ടാകെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നില്ല. പഞ്ചായത്തു തലത്തിൽ ഇതിന് ഫണ്ട് വയ്ക്കുന്നതിന് പഞ്ചായത്തുകൾക്ക് ശേഷിയുമില്ല. അതുകൊണ്ട് കൈമാറ്റം ചെയ്യപ്പെടുന്ന വകുപ്പുകൾക്കുള്ള ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും, അധികാരകൈമാറ്റം മാത്രം പോരാ; അതനുസരിച്ച് ഫണ്ടുകൂടി നൽകുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമീപനം ആവിഷ്ക്കരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ ?

**മി. സ്പീക്കർ :** ഒരു കാര്യം പറയാനുണ്ട്. അങ്ങയുടെ വകുപ്പ് മാറ്റിയിട്ടില്ല, ഡിപ്പാർട്ട്മെന്റ് മാത്രമേ മാറ്റിയിട്ടുള്ളൂ. നിയമസഭാ സെക്രട്ടേറിയറ്റിൽ അത് മാറ്റണമെങ്കിൽ അതിനകത്ത് ഗവർണ്ണറുടെ നോട്ടിഫിക്കേഷൻ വരണം. നോട്ടിഫിക്കേഷൻ വരാത്തതു കൊണ്ടുമാത്രമാണെന്ന വിവരം സഭയെ അറിയിച്ചതാണ്.

**ഡോ. എം. കെ. മുനീർ :** സർ, ആ വിഷയം ക്യാബിനറ്റ് തീരുമാനിച്ചതിനനുസരിച്ച് ഗവർണ്ണറുടെ നോട്ടിഫിക്കേഷന് പോയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്, പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചുവെങ്കിലും നിയന്ത്രണം ഇപ്പോഴും സംസ്ഥാനതലത്തിലുള്ള വകുപ്പുകളിലാണ്. മറ്റു സംസ്ഥാനങ്ങളൊക്കെ ഇക്കാര്യത്തിൽ വളരെ മുന്നോട്ടുപോയിട്ടുണ്ട്. കർണ്ണാടകത്തിൽ പൂർണ്ണമായും

ഉദ്യോഗസ്ഥരെ നിയമിക്കാനും ട്രാൻസ്ഫർ ചെയ്യുന്നതിനും അവരുടെ പേരിൽ ശിക്ഷണനടപടികളെടുക്കുന്നതിനുമൊക്കെയുള്ള സ്വാതന്ത്ര്യം പഞ്ചായത്തുകൾക്കുണ്ട്. പക്ഷേ, ഇവിടെ നമുക്ക് അത് സാധിക്കാതെ പോകുന്നതിന്റെ കാരണം എല്ലാവരും ആലോചിക്കേണ്ടതാണ്. സർവ്വീസ് സംഘടനകളടക്കം ആ ഒരു അവസ്ഥയിലേക്ക് വരുന്നതിന് കൂട്ടായി ഇരുന്ന് തീരുമാനിച്ചുകൊണ്ട് അധികാരം പൂർണ്ണമായും പഞ്ചായത്തുകൾക്ക് നൽകണം. ഇക്കാര്യത്തിൽ വന്ന സ്റ്റെപ്പിൽ തന്നെയാണ് നമ്മൾ നിൽക്കുന്നത്. ഒരടിപോലും മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. ഈ ഒരു കാര്യം കൂടി നമ്മൾ ഒരുമിച്ചിരുന്നാലോചിച്ച് തീരുമാനമെടുത്താൽ മാത്രമേ പഞ്ചായത്തുകളിലേയ്ക്ക് ഉദ്യോഗസ്ഥർ പോകുകയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്ന അവസ്ഥയുമുണ്ടാകൂ. അപ്പോൾ മാത്രമേ അധികാര വികേന്ദ്രീകരണം പൂർണ്ണമാവുകയുള്ളൂ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിൽ നടന്ന ഏറ്റവും വലിയ നിശബ്ദ വിപ്ലവമാണ് അധികാര വികേന്ദ്രീകരണം. അനുഭവത്തിന്റെ വെളിച്ചത്തിൽ ഇരുപതുവർഷത്തിനുള്ളിൽ ധാരാളം മെരിറ്റ്സും ഡീ-മെരിറ്റ്സും ഉണ്ടായിട്ടുണ്ട്. ഇരുപതുവർഷം പൂർത്തിയായ ഈ സന്ദർഭത്തിൽ ഇതിനെക്കുറിച്ച് കൺകറന്റ് ഇവാല്യുവേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യാൻ സർക്കാർ തയ്യാറാകുമോ ?

ഡോ. എം. കെ. മുനീർ : സർ, അതിന്റെ ഭാഗമായിട്ടാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയോടുകൂടി ഇൻഡ്യയിൽത്തന്നെ ഒരു മാതൃകയായി അഞ്ചു വർഷത്തേയ്ക്കുള്ള ഒരു പ്രോജക്ട് വയ്ക്കാൻ തീരുമാനിച്ചത്. മാത്രമല്ല, കമ്പ്യൂട്ടറൈസേഷനിലൂടെയാണ് പ്രോജക്റ്റുകൾ എല്ലാം അപ്‌ലോഡ് ചെയ്യാനും ഇംപ്ലിമെന്റ് ചെയ്യാനും തീരുമാനിച്ചത്. ഇംപ്ലിമെന്റ് ചെയ്തുകഴിഞ്ഞാൽ അതിന്റെ എക്സ്പെന്റീച്ചർവരെ കമ്പ്യൂട്ടറൈസേഷനിലൂടെ നടപ്പിലാക്കാൻ കഴിയുന്നരീതിയിൽ വലിയ ഒരു മാറ്റം നമ്മൾ വരുത്തിയിട്ടുണ്ട്. ഇത് ഇംപ്ലിമെന്റ് ചെയ്തുകഴിയുമ്പോൾ, ഇൻഡ്യക്ക് മുഴുവൻ മാതൃകയാക്കാൻ പറ്റുന്ന രീതിയിലേക്ക് ഈ അധികാര വികേന്ദ്രീകരണത്തെ മാറ്റാൻ സാധിക്കും.

ശ്രീ. എ. എ. അസീസ് : സർ, അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത ചില വകുപ്പുകൾ നിർവ്വഹിച്ചിരുന്ന ചില പദ്ധതികൾ വീണ്ടും തിരിച്ചെടുത്തിട്ടുണ്ടോ ; ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചിരുന്ന ഡി.ആർ.ഡി.എ. പോലുള്ള ജോലികൾ വീണ്ടും പുനഃസ്ഥാപിച്ചില്ലേ ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. എം. കെ. മുനീർ : സർ, ഇപ്പോൾ ഇറക്കിയിട്ടുള്ള ഉത്തരവുപ്രകാരം വികേന്ദ്രീകരിച്ചുകൊടുത്തിട്ടുള്ളവയൊന്നും തിരിച്ചെടുത്തിട്ടില്ല, തിരിച്ചെടുത്തുകൊണ്ട് സർക്കാർ ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. അങ്ങനെ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അത് ഇറക്കിയ ഉത്തരവിനും നിലവിലുള്ള എല്ലാ ചട്ടങ്ങൾക്കും എതിരാണ്.

LIBRARY ARCHIVES Kerala Legislative Assembly